## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823.** **06.02.2018 ൽ മറുപടിയ്ക്ക്**

### മദ്യ ഉപഭോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ഡോ.എം.കെ.മുനീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യം വാങ്ങാനുള്ള പ്രായപരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെ ഉപഭോഗത്തിൽ എത്ര ശതമാനം കുറവ് വരുത്താൻ ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | 21/12/2017 തീയതിയിലെ 38/2017-ാം നമ്പർ ഓർഡിനൻസ് പ്രകാരം മദ്യം വാങ്ങാനുള്ള പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്നതാണ് പ്രായപരിധി ഉയർത്തിയതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) | കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നൽകുന്ന ശിക്ഷയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നൽകുന്ന ശിക്ഷയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (സി) | ഇത്തരം ഇളവുകൾ കുറ്റകൃത്യങ്ങൾ പെരുകുന്നതിന് ഇടയാക്കുമെന്ന കാര്യം ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നിലവിലെ അബ്കാരി നിയമപ്രകാരം 5 വർഷം വരെ തടവും, 50,000/- രൂപ വരെ പിഴയും ചുമത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അബ്കാരി നിയമപ്രകാരം പരമാവധി ശിക്ഷ ലഭിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**